10. തൊഴിലധിഷ്ഠിത പരിശീലനങ്ങൾ.

300 വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

11. എക്സിബിഷൻ/ഫെയർ എന്നിവ സംഘടിപ്പിച്ച് കോർപ്പറേഷന്റെ ഗുണഭോക്താക്കളെ സഹായിക്കുന്നു.

12. കോർപ്പറേഷൻ വനിതകളുടെ വിപണന സൗകര്യം മെച്ചപ്പെടുത്തൽ മാർക്കറ്റിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 31-3-2004 വരെ 2,555 വനിതകൾക്ക് 725.51 ലക്ഷം രൂപയുടെ വായ്പ സ്വയം തൊഴിൽ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾക്ക് 410.12 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനകം ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ എല്ലാം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

ജില്ല		*തുക (ലക്ഷത്തിൽ)*
തിരുവനന്തപുരം	..	102.80
കൊല്ലം	..	81
പത്തനംതിട്ട	..	34
ആലപ്പുഴ	..	106.88
കോട്ടയം	..	40
ഇടുക്കി	..	50.32
എറണാകുളം	..	90.88
തൃശ്ശൂർ	..	62.80
പാലക്കാട്	..	52
മലപ്പുറം	..	110.30
കോഴിക്കോട്	..	102
വയനാട്	..	88
കണ്ണൂർ	..	100.25
കാസർകോട്	..	114.40
ആകെ	..	1135.63

വികലാംഗക്ഷേമ കോർപ്പറേഷനിലെ സ്ഥിരം തസ്തികകൾ

50 [2177] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ജനുവരിക്കുശേഷം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണെന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിലുള്ള പാറ്റൂർ വികലാംഗ സഹായ ഉപകരണ റിപ്പയറിംഗ് കേന്ദ്രത്തിൽ 2000-ൽ പത്രപരസ്യത്തിലൂടെ നിയമനം നൽകിയ താൽക്കാലിക തസ്തികകൾ ഏതെല്ലാം;

(സി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടത് ആരെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഒരു മേഖലാ ആഫീസ് എറണാകുളത്ത് ആരംഭിക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് 29-1-2004-ൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.) 22/04/സാ.ക്ഷേ.വ. ഉത്തരവുപ്രകാരം റീജിയണൽ ആഫീസർ, പ്രോജക്ട് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, എൽ. ഡി. ക്ലാർക്ക്, സ്വീപ്പർ കം പ്യൂൺ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തിക വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ബി—സി) പാറ്റൂർ യൂണിറ്റിൽ ഫോർമാർ, ക്ലാർക്ക് കം അക്കൗണ്ടന്റ്, പ്രോസ്തറ്റിസ്റ്റ്, വെൽഡർ, അൺസ്കിൽഡ് വർക്കർ, നൈറ്റ് വാച്ചർ എന്നീ താൽക്കാലിക തസ്തികകളിൽ യഥാക്രമം ശ്രീ. എസ്. ഷാജി, സി. എസ്. രാജാംബിക, എൻ. രാജശേഖർ, മധുസൂദനൻ നായർ, എം. ഗോപി, കെ. ബിനുകുമാർ, എസ്. അജയകുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി

51 [2178] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിക്ക് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ എത്ര നാളായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാതെ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നു എന്നു വ്യക്തമാക്കാമോ;

(ബി) സമിതി ഭരണഘടനാപ്രകാരം എത്രദിവസത്തിനകം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരണം എന്നു വ്യവസ്ഥയുണ്ടോ; എങ്കിൽ അപ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ശിശുക്ഷേമ സമിതിയുടെ ഭരണച്ചുമതല ആർക്കാണെന്നും അതിലെ അംഗങ്ങൾ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ശിശുക്ഷേമ സമിതിക്ക് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇപ്പോൾ നിലവിൽ ഇല്ല. 7-4-2004 മുതൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാതെ പ്രവർത്തിക്കുന്നു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly